## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3974 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|
| **വർദ്ധിച്ച വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.സി. ദിവാകരൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) വർദ്ധിച്ച വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2013-ലെ കേരള മുൻസിപ്പാലിറ്റി ഭേദഗതി ആക്റ്റിൽ പ്ലാസ്റ്റിക്ക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക്ക് മാലിന്യം കൈകാര്യം ചെയ്യലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പുതിയ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-2016 2016 മാർച്ച് 18 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തെ അടിസ്ഥാനപ്പെടുത്തി പ്ലാസ്റ്റിക്ക് മാലിന്യ പരിപാലനം, നിയന്ത്രണം, മോണിറ്ററിംഗ്, പരിശീലനം, വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കു വേണ്ട തുടർ നടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. 15.02.2016 ലെ 82200/ഡി.സി.1/2014 സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് റോഡ് ടാറിങ്ങിന് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ.ഉ.(സാധാ)നം.2037/2016/ത.സ്വ.ഭ.വ തീയതി 30.06.2016) പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മുഖേന 100 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡും, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പത്ത് ശതമാനം വരുന്ന ടാറിംങ്ങ് പ്രവർത്തികൾക്കും ഷ്രെഡ്ഡു ചെയ്ത പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നു.22/5/2015ലെ സർക്കാർ സർക്കുലർ നം.19254/ഡിസി1/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഗ്രാമപ്രദേശ തലങ്ങളിലെ അജൈവ മാലിന്യങ്ങൾ റിസൈക്കിൾ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികളും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി പ്രവർത്തിപ്പിക്കേണ്ട ആവശ്യകതയും വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യം പരിമിതപ്പെടുത്തുന്നതിനായി Reduce-Reuse-Recycle സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാദ്ധ്യമങ്ങളിലൂടെ വിവര വിജ്ഞാന |

| | | | |
|---|---|---|---|
| | | | വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. കൂടാതെ 24.09.2016 ലെ 576/ഡിസി1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് ചില കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മുൻപറഞ്ഞ കാര്യങ്ങളിൽ നടപടികൾ പ്രധാനമായും മുനിസിപ്പൽ കോർപ്പറേഷനുകൾ, നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ വഴി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ